കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

നം. 30449/ജി1/14/പൊവിവ.

തിരുവനന്തപുരം

തീയതി, 23/06/2014

**സർക്കുലർ**

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - എസ്.എസ്.എൽ.സി. പരീക്ഷ – കുറഞ്ഞ പ്രായപരിധി ഇളവ് നൽകുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന: 02/11/2011 ലെ സ.ഉ.(എം.എസ്) 224/2011/പൊവിവ.

എസ്.എസ്.എൽ.സി.പരീക്ഷ എഴുതുന്നതിനുള്ള കുറഞ്ഞ പ്രായപരിധിയിൽ 6 മാസം വരെ ഇളവ് അനുവദിക്കുന്നതിന് പരാമർശത്തിലെ ഉത്തരവ് പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് അനുമതി നൽകിയിരുന്നു. 6 മാസത്തിൽ അധികം വയസ്സിളവ് അനുവദിക്കേണ്ട കേസുകൾ സർക്കാർ തലത്തിൽ തീർപ്പാക്കേണ്ടതാണ്. സ്കൂളുകളിൽനിന്നും വയസ്സിളവ് അനുവദിക്കപ്പെടുന്നതിനുള്ള ശുപാർശകൾ പരീക്ഷാ നടപടികൾ ആരംഭിച്ചതിനുശേഷമാണ് പലപ്പോഴും ലഭിച്ചുവരുന്നത്. ഇപ്രകാരം അവസാനനിമിഷങ്ങളിൽ വയസ്സിളവിനുള്ള ശുപാർശ സമർപ്പിക്കപ്പെടുന്നത് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വളരെയധികം മാനസിക സമ്മർദ്ദം ഉണ്ടാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ താഴെപ്പറയും പ്രകാരം വയസ്സിളവിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് സ്കൂൾ ഹെഡ്മാസ്റ്റർമാരോട് നിർദ്ദേശിക്കുന്നു .

1. എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് 6 മാസത്തിലധികം വയസ്സിളവ് ആവശ്യമായി വരുന്ന കുട്ടികളുടെ എണ്ണം അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽത്തന്നെ ഹെഡ്മാസ്റ്റർ പരിശോധിച്ച് ഉറപ്പ് വരുത്തിയതിനുശേഷം വയസ്സിളവിനുള്ള ശുപാർശകൾ അദ്ധ്യയനവർഷം ആരംഭിച്ച് 4 മാസത്തിനകം പൊതുവിദ്യാഭ്യാസവകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്.
2. കുട്ടിയുടെ രക്ഷിതാവിന്റെ അപേക്ഷ, ജനന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പ്രധാന അദ്ധ്യാപകന്റെ ശുപാർശ എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
3. അപേക്ഷയോടൊപ്പം അസ്സൽ രേഖകൾ ഒന്നും ഉള്ളടക്കം ചെയ്യേണ്ടതില്ല.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എ. ഷാജഹാൻ

സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് (ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരം ആവശ്യമായ അടിയന്തിര തുടർനടപടികൾ സ്വീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sreedevi

സെക്ഷൻ ഓഫീസർ